ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമേഖലയിൽ ജനോപകാരപ്രദമായ സേവനസ്ഥാപനമായി ബോർഡിനെ നിലനിർത്തുക, സാമ്പത്തികഭദ്രത ഉറപ്പുവരുത്തുക, നല്ല ഉപഭോക്തൃ ബന്ധം വളർത്തുക 2000-ൽ വൈദ്യുതി സ്വയം പര്യാപ്തത കൈവരിക്കുക, ഒരു പുതിയ വികസനോൻമുഖമായ ഉപഭോക്തൃസംസ്കാരം ബോർഡിൽ വളർത്തിയെടുക്കുക ഇവയാണ് പ്രോഫിറ്റ് സെന്ററുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി&ഡി) വൈദ്യുതിബോർഡിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് കൂടുതൽ അധികാരങ്ങളോടുകൂടിയവയായിരിക്കും ഈ സെന്ററുകൾ.

(ഇ) നിലവിലുള്ള, ഇൻഡ്യൻ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട്, ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് എന്നിവ അടിസ്ഥാനമാക്കിയാണ് ഈ പ്രോഫിറ്റ് സെന്ററുകൾ പ്രവർത്തിക്കുക.

(എഫ്) ഇല്ല.

(ജി) പ്രസക്തമല്ല.

(എച്ച്) ഓരോ പ്രോഫിറ്റ് സെന്ററുകൾക്കും ആവശ്യമായ വിഭവസമാഹരണം നടത്തുകയും അത് വിതരണം ചെയ്യുകയും ചെയ്യുന്ന ചുമതല കോർപ്പറേറ്റ് ഓഫീസിനാണ്. കോർപ്പറേറ്റ് ഓഫീസ് സംസ്ഥാനത്ത് വൈദ്യുതി വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയും, ആർ. ഇ. സി., കെ. പി. എഫ്. സി., പി. എഫ്. സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ വഴി ശേഖരിക്കുന്ന തുകയും ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വായ്പയും സബ്സിഡിയും എല്ലാം ചേർത്ത് വൈദ്യുതി വികസനത്തിനാവശ്യമായ വിഭവസമാഹരണം നടത്താനാണ് ഉദ്ദേശിക്കുന്നത്.

വോൾട്ടേജ് മെച്ചപ്പെടുത്താൻ നടപടി

93 (1760) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-നു ശേഷം വർക്കല നിയോജകമണ്ഡലത്തിൽ ആറ്റിങ്ങൽ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി എത്ര ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട് എന്നും എത്ര എണ്ണം പുതുതായി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ ;

(ബി) കാർഷികാവശ്യത്തിന് വൈദ്യുതിലൈൻ നീട്ടികൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം വ്യക്തമാക്കാമോ ;

(സി) മൂന്നു കുടുംബങ്ങൾ എങ്കിലും താമസിച്ചുവരുന്ന എല്ലാ പട്ടികജാതി സങ്കേതങ്ങളിലും വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 19 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 21 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കാർഷികാവശ്യത്തിനുവേണ്ടി 20,000 രൂപയോ, അതിൽ കുറവോ ചെലവു വരുന്ന ലൈൻ എക്സ്റ്റൻഷൻ ജോലികൾ ബോർഡിന്റെ ചെലവിൽ. സൗജന്യമായി മുൻഗണനാക്രമത്തിൽ നിർമ്മിച്ചുകൊടുക്കുന്നു. 20,000 രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന ലൈൻ എക്സ്റ്റൻഷൻ ജോലികൾക്ക് 20,000 രൂപയ്ക്ക് മുകളിൽ വരുന്ന തുകയ്ക്ക് മിനിമം ഗ്യാരന്റി വ്യവസ്ഥയുണ്ട്.

(സി) ജില്ലാതല കമ്മിറ്റികൾ അംഗീകാരം നൽകുന്ന പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ പ്രത്യേക ഘടക പദ്ധതിപ്രകാരം സർക്കാർ അനുവദിക്കുന്ന ഫണ്ടിന് വിധേയമായാണ് വൈദ്യുതീകരണം നടത്തുന്നത്.

കെ. എസ്. ഇ. ബി. ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ്

94 (1761) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹിക, കാർഷിക, കാർഷികേതര ഉപഭോക്താക്കൾക്ക് കറന്റ് ചാർജ്ജ് അടയ്ക്കുക, അധിക പോയിന്റുകൾ എടുക്കുക, തുടങ്ങിയവയ്ക്ക് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സംവിധാനത്തിൽ എന്തെങ്കിലും വൈകല്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) കെ. എസ്. ഇ. ബി. ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നുമുതൽ ;

(ഡി) ഇതിന് എന്തു തുക ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു ;

(ഇ) ഈ സമ്പ്രദായംമൂലം ബോർഡിനും ഉപഭോക്താക്കൾക്കും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരം ഉപഭോക്താക്കൾക്ക് കറന്റ് ചാർജ് അതാതു ഇലക്ട്രിക്കൽ സെക്ഷൻ-മേജർ സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടറുകളിൽ നിശ്ചിത തീയതിക്കുള്ളിൽ നേരിട്ടടയ്ക്കാം. അല്ലെങ്കിൽ അസി:എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ നിശ്ചിത തീയതിക്കുള്ളിൽ ലഭിക്കാവുന്ന മണി ഓർഡറായോ, ആ പ്രദേശത്തുള്ള ദേശസാൽക്കൃത ബാങ്കിൽ മാറാവുന്ന ചെക്കായോ അയയ്ക്കാം. കൂടാതെ ആറുമാസത്തേക്കോ ഒരു വർഷത്തേക്കോ ഉള്ള തുക ഒന്നിച്ച് അടയ്ക്കാവുന്നതാണ്. ഇതിന് യഥാക്രമം നാലു ശതമാനവും,

LIBRARY ARCHIVES Kerala Legislative Assembly